# വിശ്വാസം

"അല്ലാഹുവല്ലാതെ ദൈവമില്ല. മുഹമ്മദ്നബി അല്ലാഹുവിന്റെ ദൂതനാകുന്നു" എന്നുള്ള സത്യസാക്ഷ്യ വചനത്തിലൂടെയാണ് മുസ്‌ലിം തന്റെ വിശ്വാസം പ്രഖ്യാപിക്കുന്നത്. അല്ലാഹുവല്ലാതെ മറ്റൊരു പരാശക്തിയും മുസ്‌ലിമിന്റെ ഭാവനയിലില്ല. മറ്റൊന്നിനും കീഴ്‌വണങ്ങേണ്ടതില്ലെന്നും മുസ്‌ലിം വിശ്വസിക്കുന്നു. ദൈവവചനങ്ങളായ ഖുർആനാണ് ഈ വിശ്വാസത്തിനടിസ്ഥാനം. ഖുർആൻ പറയുന്നു: "പറയുക, അല്ലാഹു ഏകനാണ്, അവൻ പരാശ്രയ മുക്തനാണ്. അവൻ ജനിച്ചതല്ല. ജനിപ്പിച്ചിട്ടുമില്ല. അവന്നു തുല്യനായി ഒന്നുമില്ല."(112: 1-4) അല്ലാഹു ജനങ്ങളെ മാർഗദർശനം ചെയ്യുന്നതിനായി കാലാകാലങ്ങളിൽ ദൂതന്മാരെ നിയോഗിച്ചു. ഈ ദൂതന്മാരിൽ ഒടുവിലത്തെ ദൂതനാണ് മുഹമ്മദ്നബി. പൂർവ പ്രവാചകന്മാരുടെ സന്ദേശങ്ങളുടെ തുടർച്ചയാണ് മുഹമ്മദ്നബിയുടേത്. അല്ലാഹു എന്നെന്നും ജീവിക്കുന്നവനും സൃഷ്ടിലോകത്തിന്റെ പരിപാലകനുമാണ്. എല്ലാം അല്ലാഹു അറിയുന്നു. അല്ലാഹുവിന്റെ ജ്ഞാനത്തിനതീതമായി ഒന്നും സംഭവിക്കുന്നില്ല. നന്മയുടെയും തിന്മയുടെയും ഉറവിടം അല്ലാഹുവാണ്. അവനെ നിദ്രയോ മയക്കമോ ബാധിക്കുന്നില്ല. ആകാശ ഭൂമികളെ വലയം ചെയ്തിരിക്കുന്നതാണ് അവന്റെ സിംഹാസനം. "കണ്ണുകൾ അവനെ കാണുകയില്ല. അവൻ കണ്ണുകളെ കാണും" (6: 103) എന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു.

ദൂതന്മാർ മുഖേന വെളിപ്പെടുത്തിയ സന്ദേശമനുസരിച്ച് ജീവിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. പ്രവാചകന്മാർക്ക് അല്ലാഹു വേദങ്ങളും ഏടുകളും നല്കിയിട്ടുണ്ട്. മൂസാനബിക്ക് *തൗറാത്*, ഈസാനബിക്ക് *ഇൻജീൽ* എന്നിവ ഉദാഹരണം. മുഹമ്മദ്നബിക്ക് അവതരിപ്പിച്ച ഖുർആൻ ആണ് ഒടുവിലത്തെ വേദം. ഖുർആനും പ്രവാചകന്റെ ജീവിത മാതൃകയുമാണ് വിശ്വാസികളുടെ മാർഗ രേഖകൾ. ഈ മാർഗ രേഖകൾ അനുസരിച്ചു ജീവിക്കുന്നവർ മരണാനന്തരം സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടും. ദൈവിക നിയമങ്ങൾ അനുസരിക്കാത്തവരുടെ അന്തിമ സങ്കേതം നരകമാണ്. അന്ത്യദിനം, പുനരുത്ഥാനം, സ്വർഗ നരകങ്ങൾ ഇവയിലുള്ള വിശ്വാസം ഇസ്‌ലാമിക നാഗരികതയെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക്‌വഹിച്ചിട്ടുണ്ട്. എല്ലാ കർമങ്ങളും പരലോക മോക്ഷത്തെ ലക്ഷ്യമാക്കിയുള്ളതാവണം എന്ന് ഇസ്‌ലാമിക വിശ്വാസം അനുശാസിക്കുന്നു. ദീനാനുകമ്പ, പരസ്നേഹം, പാവങ്ങളോടുള്ള അനുഭാവം, മർദിതരോടുള്ള സഹാനുഭൂതി എന്നിവ ഇസ്‌ലാമിക നാഗരികതയുടെ സവിശേഷതകളായിത്തീരുന്നതിൽ പരലോക വിശ്വാസത്തിനുള്ള പങ്ക് സുവിദിതമാണ്. വിശ്വാസം കർമങ്ങളിൽ പ്രതിഫലിക്കുന്നു എന്നർഥം.

ഇസ്‌ലാമിക വിശ്വാസം പ്രാർഥനയെ അനിവാര്യമാക്കുന്നു. ദിനേന അഞ്ചു തവണ പ്രാർഥിക്കുക മുസ്‌ലിംകൾക്ക് മതപരമായ നിർബന്ധ കർത്തവ്യമാകുന്നു. പുരുഷന്മാർ പള്ളിയിൽവെച്ച് സംഘം ചേർന്ന് നമസ്കരിക്കുന്നതാണ് പൊതുരീതി. സംഘ പ്രാർഥനകളിൽ സ്ത്രീകൾക്കും സംബന്ധിക്കാമെങ്കിലും അതു നിർബന്ധമില്ല. അഞ്ചു നേരങ്ങളിലെ പ്രാർഥനക്ക് അറിയിപ്പായി ഉച്ചത്തിൽ ബാങ്ക്(അദാൻ)വിളിക്കേണ്ടതുണ്ട്. പള്ളിയും ബാങ്കും ഇസ്‌ലാമിക നാഗരികതയുടെ, എളുപ്പം തിരിച്ചറിയപ്പെടുന്ന ചിഹ്നങ്ങളാകുന്നു. ഇസ്‌ലാമിന്റെ ചിഹ്നങ്ങൾ സംരക്ഷിക്കലും മുസ്‌ലിംകൾ കർത്തവ്യമായി കരുതുന്നു.

അഞ്ചു നേരങ്ങളിലെ നമസ്കാരത്തിനു പുറമേ നിർബന്ധ ദാനം (സകാത്), റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം, മക്കഃയിലേക്കുള്ള ഹജ്ജ് തീർഥാടനം എന്നിവയാണ് ഇസ്‌ലാം അനുശാസിക്കുന്ന ഇതര കർമാനുഷ്ഠാനങ്ങൾ. ഇസ്‌ലാമിലെ ഈ വിശ്വാസ-കർമ സംഹിത ഭൂഗോളത്തിന്റെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന വ്യത്യസ്ത വർഗ-വർണങ്ങളിൽ പെട്ട ജനതയെ ഒരൊറ്റ സമൂഹമായി നിലനിർത്തുന്നതിനെപ്പറ്റി വിൽഡ്യൂറന്റ് ഇങ്ങനെ രേഖപ്പെടുത്തുന്നു: "ചൈന, ഇന്തോനേഷ്യ, ഇന്ത്യ എന്നിവ മുതൽ പേർഷ്യ, സിറിയ, അറേബ്യ, ഈജിപ്ത് എന്നിവയിലൂടെ മൊറോക്കോ, സ്പെയ്ൻ എന്നിവ വരെയുള്ള നൂറുകണക്കിന് ജനപദങ്ങളുടെ ഹൃദയങ്ങളെ ഇസ്‌ലാം സ്പർശിച്ചു. അവരുടെ ധാർമികതയെ അത് നിയന്ത്രിക്കുകയും അവരുടെ ജീവിതത്തെ രൂപപ്പെടുത്തുകയും ചെയ്തു. അവർക്ക് ആശയും അഭിമാനവും നല്കി. ഇന്നും 35 കോടി ആത്മാക്കളുടെ രാഗവായ്പോടുകൂടിയ കൂറ് അതിനുണ്ട്. എല്ലാ രാഷ്ട്രീയ വിഭജനങ്ങൾക്കും അപ്പുറത്ത് അവരെ അത് ഒന്നിപ്പിക്കുന്നു."(അധ്യായം xi, പേ. 219).